ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് തുടങ്ങിവച്ച പല വൈദ്യുതീകരണ പദ്ധതികളും പൂർത്തിയായിട്ടില്ല. കോയമ്പത്തൂർ-പാലക്കാട്, കോയമ്പത്തൂർ-എറണാകുളം, ഷൊർണ്ണൂർ-മംഗലാപുരം തുടങ്ങിയവയെല്ലാം പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വളരെ ചെറിയ സംഖ്യയാണ് നീക്കിവച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൻമേൽ സമ്മർദ്ദം ചെലുത്തി സമയബന്ധിതമായി ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആ കാര്യത്തിൽ വേണ്ട നടപടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാൻ കഴിയുന്നത് സ്വീകരിക്കാം.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, ഇലക്ട്രിഫിക്കേഷൻ പൂർത്തിയായിട്ടുള്ള ചില പ്രദേശങ്ങളുണ്ട്. അവിടെ പ്രത്യേകമായി ഇലക്ട്രിക് ട്രെയിനുകൾ ഓടിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഈ പറഞ്ഞ ഈറോഡ്-കൊച്ചിൻ മേഖല പരിപൂർണ്ണമായും വൈദ്യുതീകരണം പൂർത്തിയായതിനു ശേഷം മാത്രമേ ആ കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ എന്നാണ് എനിയ്ക്ക് തോന്നുന്നത്.

ശ്രീ. എം.എ. തോമസ് : സർ, തിരുവനന്തപുരം-എറണാകുളം റെയിൽവേ പാതയല്ലാതെ സംസ്ഥാനത്തെ ഏതെല്ലാം റെയിൽവേ പാതകളാണ് വൈദ്യുതീകരണത്തിന് ഗവൺമെന്റ് ആഗ്രഹിക്കുന്നത്?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇപ്പോൾ നമ്മൾ കൊച്ചി-എറണാകുളം വരെയുള്ളത് ഏതാണ്ട് പൂർത്തിയാകാറായി. അതുകഴിഞ്ഞ് എറണാകുളം-തിരുവനന്തപുരത്തെ സംബന്ധിച്ച് നമ്മൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അത് ഏതാണ്ട് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മറ്റു നടപടികളായിട്ടില്ല. വിശദാംശം ഇപ്പോൾ പറയാൻ കഴിയില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ഈ വൈദ്യുതീകരണത്തിന് സംസ്ഥാന ഗവൺമെന്റ് ഒരു പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടില്ല എന്നുകേൾക്കുന്നു. അതു ശരിയാണോ? നമ്മുടെ പ്രയോറിറ്റി എന്താണ്? ഏതു സെക്ടറുകളിൽ ആദ്യമാദ്യം ചെയ്യുമെന്നാണ് നമ്മുടെ പ്രയോറിറ്റി?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കൊച്ചിവരെയുള്ളത് പൂർത്തീകരിച്ചതിനുശേഷമുള്ള പ്രയോറിറ്റി എറണാകുളം-തിരുവനന്തപുരം ആണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

8 (*262) റബ്ബർ കർഷകരെ സഹായിക്കുന്നതിന് സമർപ്പിച്ച പദ്ധതികൾ

ശ്രീ. എ.കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലയിടിവുമൂലം കഷ്ടതയനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു;

(ബി) എന്നാണ് ഈ പദ്ധതികൾ സമർപ്പിച്ചത്;

(സി) പദ്ധതികളുടെ സവിശേഷത എന്തെല്ലാമായിരുന്നു;

(ഡി) ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിച്ചുവെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേരള നിയമസഭ പാസ്സാക്കിയ പ്രമേയംമൂലം ആവശ്യപ്പെട്ട പ്രകാരം കിലോയ്ക്ക് 55 രൂപ സൂചിത വിലയായി പ്രഖ്യാപിച്ച് 50,000 മെ.ടൺ റബ്ബർ എസ്.ടി.സി. മുഖേന യുദ്ധകാലാടിസ്ഥാനത്തിൽ സംഭരിക്കണമെന്നും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്നീ ഏജൻസികൾക്ക് റബ്ബർ സംഭരിക്കുന്നതിന് അഡ്വാൻസായി 170.25 കോടി രൂപയും, ഹാന്റ്ലിംഗ് ചാർജ്ജായി കിലോക്ക് 50 പൈസ നൽകുവാൻ 2.5 കോടി രൂപയും റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സീഡ് ക്യാപിറ്റൽ ആയി 15 കോടി രൂപയും ലാറ്റക്സ് കയറ്റി അയയ്ക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് ഭാഗമായി 5 കോടി രൂപയും റോഡ് റബ്ബറൈസ് ചെയ്യുന്നതിന് 10 കോടി രൂപയും അങ്ങനെ മൊത്തം 199.75 കോടി രൂപയുടെ പദ്ധതിയും സമർപ്പിച്ചിരുന്നു. റബ്ബർ സംഭരണത്തിന് മേൽനോട്ടം വഹിക്കുവാൻ കാർഷികോല്പാദന കമ്മിഷണർ, റബ്ബർ ബോർഡ് പ്രതിനിധി, സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷന്റെ പ്രതിനിധി, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രതിനിധി, സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ പ്രതിനിധി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

(ബി) 1998 ഒക്ടോബർ 7-ാം തീയതിയും 1999 ഫെബ്രുവരി 19-ാം തീയതിയും.

(സി) സ്വാഭാവിക റബ്ബറിന്റെ വില സ്ഥിരത ഉറപ്പുവരുത്തുവാനും, വിലയിടിവ് ശാശ്വതമായി തടയുന്നതിനും റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ളവയാണ് പദ്ധതികൾ.

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ആനുകൂല്യങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ നിരന്തരമായി സംസ്ഥാന സർക്കാർ നടത്തിവന്ന സമർദ്ദത്തിന്റെ ഫലമായി സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിറുത്തിവയ്ക്കുവാൻ കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചു.

പ്ലാന്റേഷൻ കോർപ്പറേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റബ്ബറധിഷ്ഠിത വ്യവസായത്തിന് സാമ്പത്തിക സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly